*<u>രജിസ്റ്റേർഡ് കൈപ്പറ്റ് രസീത് സഹിതം</u>*

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

( ഹാജർ: ശ്രീ. ബി.ടി.വി. കൃഷ്ണൻ B.Tech )

<u>ഉത്തരവ് നമ്പർ ബി2/119/2020/എച്ച്.ഇ.സി.ഇ. തീയതി : 5/10/2020</u>

വിഷയം : ഹാർബർ എൻജിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്കുള്ള നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28/9/2020-ലെ RIA (2)3625/19/GW നമ്പർ അഡ്വൈസ് മെമ്മോ
2) 15-2-91-ലെ (പി) 7/91/പി & എ.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ്
3) 30-12-91-ലെ (പി) 45/91/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്
4) 7-1-13-ലെ (പി) 20/2013/ധന നമ്പർ സർക്കാർ ഉത്തരവ്
5) 3-4-13-ലെ (പി) 149/2013/ധന നമ്പർ സർക്കാർ ഉത്തരവ്
6) 7-5-13-ലെ (പി) 209/2013/ധന നമ്പർ സർക്കാർ ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ഒന്നാം പരാമർശ പ്രകാരം നിയമന ശുപാർശ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥികളെ KS&SSR 1958 പൊതുചട്ടം 9 (എ) (1) പ്രകാരം 39500-83000 രൂപ ശമ്പളസ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളുകളുടെ പേരിനോടൊപ്പം ചേർത്തിട്ടുള്ള ഓഫീസിൽ ജോലിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം. | പേര് | ഓഫീസ് വിലാസം |
|---|---|---|
| 1) | ശ്രീമതി. അഫിനാ ഗുലാം<br>നടുവിളാകത്ത് ഹൗസ്,<br>കാട്ടുങ്ങച്ചിറ,<br>ഇരിങ്ങാലകുട നോർത്ത് ,<br>തൃശ്ശൂർ-680125 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,<br>ഹാർബർ എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ സബ് ഡിവിഷൻ, ബേപ്പൂർ, കോഴിക്കോട്- 673015 |
| 2) | ശ്രീമതി. അനിമ സി.എസ്,<br>ചെരിങ്ങോട്ടിൽഹൗസ്,<br>ഇരവിമംഗലം, തൃശ്ശൂർ<br>ഇരവിമംഗലം പി.ഒ. - 680751 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,<br>ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ,<br>മോപ്പിളബേ, ആയിക്കര, കണ്ണൂർ -670003 |
| 3 | ശ്രീമതി. ഫാബിബോൾ പി.എ.<br>പടിയയത്ത് മണപ്പാട്ട്,<br>ഏരിയാട് പി.ഒ.,<br>കൊടുങ്ങല്ലൂർ,തൃശ്ശൂർ -680666 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,<br>ഹാർബർ എഞ്ചിനീയറിംഗ് സെക്ഷൻ ഓഫീസ്,<br>ചോമ്പാല, ചോമ്പാല പി.ഒ. പിൻ-673308 |
| 4 | ശ്രീമതി. ആൻമരിയാതോമസ്,<br>ചെറുകരകുന്നേൽ,<br>പിന്നയ്ക്കനാട്, കാളകെട്ടി, കോട്ടയം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,<br>ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ,<br>കൊയിലാണ്ടി , കസ്റ്റംസ് റോഡ്, ചുങ്കം, കൊയിലാണ്ടി,<br>കോഴിക്കോട് - 673305 |
| 5 | ശ്രീ. വിഷ്ണു. ജെ., അനിതാഭവൻ,<br>ഓച്ചിറ, പ്രയാർ പി.ഒ.,<br>ആലപ്പുഴ- 690547 | ചീഫ് എഞ്ചിനീയറുടെ കാര്യാലയം,<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കമലേശ്വരം,<br>മണക്കാട് പി.ഒ, തിരുവനന്തപുരം-9 |

(മറുപുറം)

താങ്കൾ ഈ ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനകം ജോലിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം ഇനിയൊരറിയിപ്പില്ലാതെ ഈ നിയമന ഉത്തരവ് അസാധുവാക്കുന്നതാണ്. ജനനതീയതി, യോഗ്യത, എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും സിവിൽ സർജൻ/ നാട്ടുചികിത്സാവകുപ്പ് ഡയറക്ടറുടെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റും ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൽ വിരലടയാളം പതിക്കേണ്ടതാണ്.

ടി താൽക്കാലിക നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പോലീസ് വകുപ്പിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതാണ്. താങ്കളുടെ നിയമനം പരാമർശം രണ്ടിലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഈ നിയമന ഉത്തരവ് പ്രകാരം താങ്കളെ പ്രൊബേഷണർ ആയി കണക്കാക്കുന്നതല്ല. ഭാവിയിൽ മറ്റ് നിയമനങ്ങൾക്ക് ഇതുപ്രകാരം മുൻഗണന നൽകുന്നതുമല്ല. താങ്കൾ ജോലിയിൽ പ്രവേശിയ്ക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നുവർഷത്തിനുള്ളിൽ രണ്ടുവർഷം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ജനനതീയതി തിരുത്തേണ്ടിവരികയാണെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് 5 വർഷത്തിനകം തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വിസ് റൂൾസിലെ (1958) റൂൾ 3 (സി) പ്രകാരമാണ് നിയമനം നടത്തിയിരിക്കുന്നത്. പോലീസ് വെരിഫിക്കേഷൻ, സ്പാർക്ക് അംഗത്വം എന്നിവയ്ക്കുള്ള പ്രൊഫോർമകൾ പ്രവേശനവേളയിൽ പൂരിപ്പിച്ച് നൽകേണ്ടതാണ്.

01-4-13-നുശേഷം കേരള സർക്കാർ സർവ്വീസിൽ ചേരുന്നവർക്ക് നാഷണൽ പെൻഷൻ സമ്പ്രദായം ബാധകമായിരിക്കുന്നതാണ്. പ്രവേശന വേളയിൽ ആയതിലേയ്ക്കുള്ള അപേക്ഷ പൂരിപ്പിച്ച് നിയമനാധികാരിക്ക് നൽകേണ്ടതും പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (PRAN) കരസ്ഥമാക്കേണ്ടതാണ്. 31-3-2013 ന് മുമ്പ് കേരള സർക്കാർ സർവ്വീസിൽ പ്രവേശിച്ചിരുന്നവർ പാർട്ട് III KSR പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് മൂന്നുമാസത്തിനകം ഓപ്ഷൻ നൽകേണ്ടതുമാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

വ്യക്തികൾക്ക്

പകർപ്പ്:
(1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഉത്തരമേഖല കോഴിക്കോട്
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കോഴിക്കോട്, കണ്ണൂർ
3) അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ, മാപ്പിളബേ, പുതിയാപ്പ, കൊയിലാണ്ടി (നിയമനശുപാർശയുടെയും, ഉദ്യോഗാർത്ഥിയുടെ ഒൺടൈം വെരിഫിക്കേഷന്റെ പകർപ്പും സഹിതം അയക്കുന്നു. ടിയാളുടെ ജോയിനിംഗ്/ എൻ.ജെ.ഡി. സമയബന്ധിതമായി അറിയിക്കേണ്ടതാണ്.)

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T3